# താൽപര്യ പത്രം
# (Expression of interest)

കുടുംബശ്രീ ഗുണഭോക്താക്കൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വ്യത്യസ്ത മേഖലയിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിനായി പ്രശസ്ത സ്ഥാപനങ്ങളിൽ നിന്നും താൽപര്യ പത്രം (Expression of Interest) ക്ഷണിച്ചുകൊള്ളുന്നു. താഴെപ്പറയുന്ന മൂന്ന് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾ/സംഘടനകൾക്ക് താൽപര്യ പത്രം സമർപ്പിക്കാവുന്നതാണ്.

വിഭാഗം 1 – വൈദഗ്ദ്ധ്യ പരിശീലന സ്ഥാപനങ്ങൾ/ സംഘടനകൾ

വിഭാഗം 2 – വൈദഗ്ദ്ധ്യ പരിശീലനം നൽകാൻ ശേഷിയുള്ള കുടുംബശ്രീ യൂണിറ്റുകൾ

വിഭാഗം 3 – ദേശീയ നഗര ഉപജീവന മിഷൻ, ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യയോജന എന്നീ പദ്ധതികളിൽ വൈദഗ്ദ്ധ്യ പരിശീലനത്തിനായി കുടുംബശ്രീ തിരഞ്ഞെടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ സംഘടനകൾ

താൽപര്യ പത്രം സമർപ്പിക്കാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ/സംഘടനകൾ ഏതു ജില്ലയിലാണോ പരിശീലനം നൽകാൻ താൽപര്യപ്പെടുന്നത് ആ ജില്ലയിലെ കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർ മുമ്പാകെ നിശ്ചിത അപേക്ഷ ഫോമിൽ **31/7/2017 തീയതി വൈകുന്നേരം 5 മണിക്ക മുമ്പായി** അപേക്ഷ **സമർപ്പിക്കേണ്ടതാണ്**. കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ് സൈറ്റ് സന്ദർശിക്കുക. www.kudumbashree.org

ജില്ലാമിഷൻ കോ–ഓർഡിനേറ്റർ

..............................................................

..............................................................

ജില്ല

## 1. താൽപര്യപത്രം ക്ഷണിച്ചതിന്റെ ഉദ്ദേശ്യം

1.1 സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി വിവിധ ഉപജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് കുടുംബശ്രീയുടെ പ്രധാന പ്രവർത്തന മേഖലയാണ്. സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ, സംഘകൃഷി, തൊഴിൽ വൈദഗ്ദ്ധ്യ വികസന പരിശീലനങ്ങൾ തുടങ്ങിയവയെല്ലാം ഉപജീവന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി കുടുംബശ്രീ നടപ്പിലാക്കുന്നു. സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾക്കായി സംരംഭകത്വ പരിശീലനം, വൈദഗ്ദ്ധ്യ വികസന പരിശീലനം, വിവിധ തുടർ സഹായങ്ങൾ എന്നിവയെല്ലാം കുടുംബശ്രീ നൽകി വരുന്നു. സംരംഭകത്വ പ്രവർത്തനത്തിൽ ഏർപ്പെടാൻ താൽപര്യമുള്ളവർക്കായി വൈദ്ഗദ്ധ്യ വികസന പരിശീലനം നൽകുന്നതിനായി ബന്ധപ്പെട്ട മേഖലയിൽ മികവുറ്റ പരിശീലന ഏജൻസികളെ തിരഞ്ഞെടുക്കുന്നതിന് കുടുംബശ്രീ സംസ്ഥാനമിഷൻ ഉദ്ദേശിക്കുന്നു. ഈ താൽപര്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് തുടർന്ന് ആവശ്യകതക്കനുസരിച്ച് അഭ്യർത്ഥനാ നിർദ്ദേശം (Request of Proposal - RFP) സ്വീകരിച്ച് അതിനനുസൃതമായി പരിശീലന ചുമതല കുടുംബശ്രീ നൽകുന്നതാണ്.

1.2 ഗുണഭോക്താക്കളുടെ ആവശ്യകതക്കനുസരിച്ചായിരിക്കും വൈദഗ്ദ്ധ്യ വികസന പരിശീലനം സംഘടിപ്പിക്കുക.പതിവ് കോഴ്സുകൾക്ക് പുറമേ നൂതന കോഴ്സുകളിലേക്കും താൽപര്യ പത്രം സമർപ്പിക്കാവുന്നതാണ്.

1.3 കുടുംബശ്രീ സംരഭകർ നിലവിൽ ഏർപ്പെട്ടിരിക്കുന്നതുംആവശ്യകതക്കനുസരിച്ച് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നതുമായ മേഖലകളുടെ **പട്ടിക അനുബന്ധം ഒന്നായി** ചേർത്തിരിക്കുന്നു.

1.4. കുടുംബശ്രീ സംസ്ഥാനമിഷന്റെ കീഴിൽ വിവിധ ജില്ലകളിലായി വൈദഗ്ദ്ധ്യ വികസന പരിശീലനം കുടുംബശ്രീ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായിട്ടാണ് ഈ താൽപര്യ പത്രം ക്ഷണിച്ചിരിക്കുന്നത്. സ്ഥാപനങ്ങളെ/സംഘടനകളെ ഏതെങ്കിലും കോഴ്സിനോ/കോഴ്സുകൾക്കോ തിരഞ്ഞെടുത്തു എന്നതുകൊണ്ട് അവർക്ക് പരിശീലനമോ വരുമാനദായക പ്രവർത്തനമോ ക്രമമായി നൽകണമെന്നില്ല. പ്രസ്തുത അഭ്യർത്ഥനാ നിർദ്ദേശം ഓരോ മേഖലയിലേയും വൈദഗ്ദ്ധ്യ വികസന ഏജൻസികളെ കണ്ടെത്തുന്നതിന് മാത്രമാണ് ക്ഷണിച്ചിട്ടുള്ളത്. അഭ്യർത്ഥനാ നിർദ്ദേശത്തിന്റെ ഗുണദോഷ വശങ്ങൾ പരിഗണിച്ച് തീരുമാനമെടുക്കുന്നതിനുള്ള അധികാരം അതാത് ജില്ലകളിലെ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്കു മാത്രമായിരിക്കും.

1.5 ഗുണഭോക്താക്കളുടെ ആവശ്യകത അനുസരിച്ച് അതാത് ജില്ലാമിഷനുകൾസമയാ സമയങ്ങളിൽ അഭ്യർത്ഥനാ നിർദ്ദേശം ക്ഷണിക്കും. തിരഞ്ഞെടുക്കപ്പെട്ട വൈദഗ്ദ്ധ്യ പരിശീലന സ്ഥാപനങ്ങൾ അഭ്യർത്ഥനാ നിർദ്ദേശം സമർപ്പിക്കണം. അഭ്യർത്ഥനാ നിർദ്ദേശം സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്ക് പരിശീലന ചുമതല നൽകുന്നതല്ല.

1.6 താൽപര്യ പത്ര പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് അക്കാരണത്താൽ എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നതിനോ സർക്കാരിന്റെ മറ്റേതെങ്കിലും പരിശീലന പരിപാടി ലഭിക്കുന്നതിനോ കുടുംബശ്രീ മിഷൻ ശുപാർശ ചെയ്യുന്നതല്ല.

## 2. അപേക്ഷ സമർപ്പിക്കുന്ന വിധം

2.1 മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു വിഭാഗങ്ങളിലുമുള്ള സ്ഥാപനങ്ങൾ/സംഘടനകൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം(**അനുബന്ധം 2**)എല്ലാ രേഖകളോടും കൂടി നിശ്ചിത തീയതി/സമയത്തിനുള്ളിൽ ഏതു ജില്ലയിലാണോ വൈദഗ്ദ്ധ്യ വികസന പരിശീലന കോഴ്സ് സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ആ ജില്ലയിലെ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

2.2 വൈദഗ്ദ്ധ്യ വികസന ഏജൻസികൾക്ക് ഒന്നിലധികം ജില്ലകളിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കണം.

2.3 നിശ്ചയിക്കപ്പെട്ട ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. അപേക്ഷ സ്വീകരിക്കുമ്പോൾ രസീത് നൽകുന്നതാണ് **(അനുബന്ധം 3)**

2.4 അപൂർണ്ണമായതോ തെറ്റായ മാതൃകയിലുള്ളതോ മതിയായ രേഖകൾ ഉൾപ്പെടുത്താത്തതോ ആയ അപേക്ഷാ ഫോറങ്ങൾ തുടർന്നുള്ള വിലയിരുത്തലിന് പരിഗണിക്കുന്നതല്ല. രേഖകൾ സമർപ്പിക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതല്ല.

2.5 ഏതു ജില്ലയിൽ/ജില്ലകളിലേയ്ക്കാണോ താൽപര്യപത്രം സമർപ്പിച്ചിരിക്കുന്നത് ആ ജില്ലയിൽ/ജില്ലകളിലേക്കു മാത്രമായിരിക്കും ബന്ധപ്പെട്ട സ്ഥാപനത്തെ/സംഘടനയെ പരിഗണിക്കുന്നത്. അപേക്ഷ സമർപ്പിക്കാത്ത മറ്റു ജില്ലകളിലേയ്ക്ക് ഒരു കാരണവശാലും ടി സ്ഥാപനത്തെ പരിഗണിക്കുന്നതല്ല. എന്നാൽ ഇത് സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നത് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആയിരിക്കും.

2.6 അപേക്ഷ ഫോറത്തിനോ തിരഞ്ഞെടുപ്പിനോ യാതൊരുവിധ ഫീസും കുടുംബശ്രീ സംസ്ഥാനമിഷൻ ഈടാക്കുന്നില്ല.

2.7 താൽപര്യ പത്രം വിശദമായി പഠിച്ചതിന് ശേഷം മാത്രമേ അപേക്ഷ സമർപ്പിക്കാവൂ.

**3. താൽപര്യപത്രവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ**

3.1 താൽപര്യ പത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ കുടുംബശ്രീ സംസ്ഥാന മിഷന്റെ വെബ്ബ് സൈറ്റിൽ ലഭ്യമായിരിക്കും. അഡ്രസ്സ് www.kudumbashree.org

താൽപര്യപത്രവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും- ചുരുക്കപ്പട്ടിക,(Short list) അഭ്യർത്ഥനാ നിർദ്ദേശം തുടങ്ങി ഈ പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഓരോ ഘട്ടവും

പൂർത്തികരിക്കുന്ന മുറയ്ക്ക് കുടുംബശ്രീ വെബ്സൈറ്റിൽ (www.kudumbashree.orgഎന്ന വിലാസത്തിൽ)പ്രസിദ്ധീകരിക്കുന്നതാണ്.

3.2 പരിശീലന ഏജൻസികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതുവരെ വെളിപ്പെടുത്തുന്നതല്ല. ഇതുമായി ബന്ധപ്പെട്ട സംശയ നിവർത്തിക്കോ വിവരങ്ങൾക്കോ കുടുംബശ്രീ ഉദ്യോഗസ്ഥരെ (ഏതൊരു തലത്തിലെയും) നേരിട്ടോ ഫോൺ വഴിയോ ബന്ധപ്പെടാൻ പാടില്ല. താൽപര്യപത്രവുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തിന് കൂടുതൽ വിശദീകരണം ആവശ്യമാണെങ്കിൽ താഴെപ്പറയുന്ന വിലാസത്തിൽ ഇമെയിൽ മുഖാന്തിരം ബന്ധപ്പെടാവുന്നതാണ്. ആവശ്യപ്പെടുന്ന വിഷയം മറുപടി അർഹിക്കുന്നതാണെങ്കിൽ മാത്രമേ മറുപടിതരുകയുള്ളു. വിലാസം kudumbashreestps@gmail.com

3.3 ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളെ വിഷായാവതരണത്തിനായിഅപേക്ഷാ ഫോറത്തിൽ രേഖപ്പടുത്തിയിട്ടുള്ള വിലാസത്തിൽ ഔദ്യോഗികമായി അറിയിക്കുന്നതായിരിക്കും.

## 4. യോഗ്യതാ മാനദണ്ഡങ്ങൾ

### 4.1 **വിഭാഗം – 1** പരിശീലന ഏജൻസികൾ/സംഘടനകൾ

കുടുംബശ്രീ ഗുണഭോക്താക്കൾക്ക് മികച്ച പരിശീലനം നൽകുന്നതിന് അനുഭവ സമ്പത്തും പരിചയവും മികവുമുള്ള സ്ഥാപനങ്ങൾ/സംഘടനകളെ കണ്ടെത്തി അവരിലൂടെ ഗുണഭോക്താക്കൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിനാണ് ഈ വിഭാഗത്തെ പരിഗണിച്ചിട്ടുള്ളത്.

4.1.1 ഒന്നാം വിഭാഗത്തിൽ ഉൾപ്പെടുന്നത് പൊതു പരിശീലന ഏജൻസികൾ/സംഘടനകൾ ആണ്. താൽപര്യ പത്രത്തിൽ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ ഘട്ടത്തിലൂടെയും ഇവർ കടന്നു പോകണം.

4.1.2 31/03/2017 ൽ ഈ സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് മൂന്നു വർഷത്തെ അനുഭവ പരിചയം ബന്ധപ്പെട്ട മേഖലയിൽ ഉണ്ടായിരിക്കണം.

4.1.3 അപേക്ഷ സമർപ്പിച്ച സ്ഥാപനം/സംഘടന നിയമാനുസൃതമുള്ള രജിസ്ട്രേഷൻ നേടിയിരിക്കണം

4.1.4 അപേക്ഷ സമർപ്പിച്ച സ്ഥാപനത്തിന് കുറഞ്ഞത് 30 സംരംഭകരെ പരിശീലിപ്പിക്കുന്നതിനാവശ്യമായ ക്ലാസ്സ് റൂം, ലാബ് സൗകര്യങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, പരിശീലകർ എന്നിവ ഉണ്ടായിരിക്കണം.

4.1.5 കുടുംബശ്രീ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന സിലബസ് അനുസരിച്ച് പരിശീലനം സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിനു ശേഷി ഉണ്ടായിരിക്കണം

4.1.6 ക്ലാസ്സ് റൂമിൽ സിസിടിവി സൗകര്യം ഉണ്ടായിരിക്കണം

4.1.7 പരിശീലനാർത്ഥിക്ക് ബന്ധപ്പെട്ട മേഖലയിൽ നേരിട്ടുള്ള പരിശീലനത്തിന് സൗകര്യം ഉണ്ടായിരിക്കണം

4.1.8 സിലബസിൽ നിഷ്കർഷിച്ചിരിക്കുന്ന മണിക്കൂർ അനുസരിച്ച് പരിശീലനം (Theory & Practical) നൽകണം

4.1.9 പരിശീലകർ ബന്ധപ്പെട്ട മേഖലയിൽ മികച്ച പ്രാവീണ്യമുള്ളവരായിരിക്കണം.

4.2 **വിഭാഗം – 2 –** കുടുംബശ്രീ യൂണിറ്റുകൾ/സൂക്ഷ്മ സംരംഭ മേഖലയിൽ മികച്ച വിജയം കൈവരിച്ച യൂണിറ്റുകൾക്ക് അവരുടെ വൈദഗ്ദ്ധ്യവും അനുഭവ സമ്പത്തും സംരംഭകത്വത്തിലേക്ക് വരാൻ താൽപര്യമുള്ളവർക്ക് പകർന്ന് കൊടുക്കുന്നതിനാണ് ഇത്തരമൊരു അവസരമൊരുക്കുന്നത്.

4.2.1 കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങൾ (യുവശ്രീ അടക്കം) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ആരംഭിച്ച സംരംഭങ്ങൾ, തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച്

കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയ സംരംഭങ്ങൾ എന്നിവയാണ് ഇതിൽഉൾപ്പെടുത്തിയിരിക്കുന്നത്.

4.2.2 വിഭാഗം 2 ലെ യൂണിറ്റുകൾ പൂർണ്ണമായും കുടുംബശ്രീ/ യുവശ്രീ അംഗങ്ങളുടെഉടമസ്ഥതയിലുള്ളതും അതാത് ജില്ലാമിഷനുകൾ അംഗീകരിച്ചതുമായിരിക്കണം

4.2.3 മൂന്നു വർഷത്തെ അനുഭവ പരിചയം യൂണിറ്റുകൾക്ക് ഉണ്ടായിരിക്കണം

4.2.4 പരിശീലനം നൽകുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ യൂണിറ്റുകൾക്ക് ഉണ്ടായിരിക്കണം

4.2.5 കുടുംബശ്രീ സംസ്ഥാനമിഷൻ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന സിലബസ് നിർബന്ധമായും പാലിക്കണം

4.2.6 പരിശീലന സ്ഥാപനങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നതിനു അപേക്ഷിക്കുന്ന കുടുംബശ്രീ സംരംഭക യൂണിറ്റുകൾ അവർ പ്രവർത്തിക്കുന്ന മേഖലയിൽ മികച്ച വിജയം കൈവരിച്ചവ ആയിരിക്കണം.

## 4.3 വിഭാഗം 3

ദേശീയ നഗര ഉപജീവന മിഷൻ, ദീൻ ദയാൽ ഉപധ്യായ – ഗ്രാമീണ കൗശല്യാ യോജന പദ്ധതികളിൽ തൊഴിൽ പരിശീലനത്തിനായി കുടുംബശ്രീ മുഖന നിലവിൽ തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ/ഏജൻസികൾ.

4.3.1 എൻ.യു.എൽ.എം., ഡിഡിയു–ജികെവൈ പദ്ധതികളിൽ കുടുംബശ്രീ ഗുണഭോക്താക്കൾക്ക് ഒരു ബാച്ച്പരിശീലനം വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണം അപേക്ഷകർ.**ഇവർ താൽപര്യപത്രം സമർപ്പിക്കണം**.

DDUGKY, NULMഎന്നീ പദ്ധതികളിൽ കുടുംബശ്രീ പരിശീലന സ്ഥാപനങ്ങളെ തിരഞ്ഞെടുത്തതിന്റെ ഭാഗമായി ഇതേ നടപടിക്രമങ്ങളിലൂടെ കടന്നുപോയതിനാൽ ഇപ്പോഴുള്ള തിരഞ്ഞെടുപ്പു നടപടിക്രമങ്ങളിലൂടെ ഈ

സ്ഥാപനങ്ങൾകടന്നു പോകേണ്ടതില്ല. ധാരണാ പത്രം, സർട്ടിഫിക്കറ്റ് എന്നിവ താൽപര്യ പത്രത്തോടൊപ്പം സമർപ്പിക്കണം. **എന്നാൽ അഭ്യർത്ഥനാ നിർദ്ദേശമടക്കമുള്ള(RFP) മറ്റ് നടപടിക്രമങ്ങളിൽ വിഭാഗം ഒന്നും രണ്ടും സ്ഥാപനങ്ങളോടൊപ്പം ഇവരും പങ്കെടുക്കണം.**

**5. സാങ്കേതിക വിലയിരുത്തലിനുള്ള മാനദണ്ഡങ്ങൾ**

5.1 വൈദ്ഗദ്ധ്യ പരിശീലനത്തിലുള്ള അനുഭവ സമ്പത്ത്(കുടുംബശ്രീ യൂണിറ്റുകൾക്ക് ബാധകമല്ല)

5.2 അടിസ്ഥാന സൗകര്യം

5.3 സ്ഥാപനത്തിന്റെ മനുഷ്യവിഭവശേഷി

5.4 സ്ഥാപനത്തിന്റെ ജയപരാജയ (Track Record) കണക്ക് (കുടുംബശ്രീ യൂണിറ്റുകൾക്ക് ബാധകമല്ല)

5.5 മുമ്പ് പരിശീലനം നേടിയവരുടെ അഭിപ്രായം (കുടുംബശ്രീ യൂണിറ്റുകൾക്ക് ബാധകമല്ല)

5.6 സുതാര്യതയും വരവു ചെലവു കണക്കുകളിലുള്ള കൃത്യതയും

5.7 പരിശീലനം നൽകുന്നതിനുള്ള സന്നദ്ധത

**6. പരിശീലന സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

6.1 ജില്ലാടിസ്ഥാനത്തിൽ താൽപര്യ പത്രം ക്ഷണിക്കുന്നു (കുടുംബശ്രീ വെബ്സൈറ്റ്, മുഖ്യധാര മാധ്യമങ്ങൾ, കുടുംബശ്രീ, നോട്ടീസ് ബോർഡ് എന്നിവയിൽ ഇത് പ്രസിദ്ധീകരിക്കും)

6.2 തിരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ താൽപര്യപത്ര പ്രകാരം നിശ്ചിത തീയതിക്കും സമയത്തിനുമകം ആവശ്യമയ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നു.

6.3 ജില്ലാമിഷനുകളിൽ സമർപ്പിച്ച അപേക്ഷകൾ നിശ്ചിത തീയതിയിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നു. യോഗ്യതയില്ലാത്ത/മതിയായ രേഖകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ അപേക്ഷകൾ ഈഘട്ടത്തിൽ നിരസിക്കുന്നു.

6.4 മേൽ സൂചിപ്പിച്ച പരിശോധനക്കു ശേഷംതിരഞ്ഞെടുപ്പു പ്രക്രിയയുടെ അടുത്തഘട്ടത്തിലേക്ക് യോഗ്യരായ സ്ഥാപനങ്ങളുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നു. (കുടുംബശ്രീ വെബ്ബ് സൈറ്റിലും ജില്ലാമിഷനുകളുടെ നോട്ടീസ് ബോർഡിലും)

6.5 ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ വിഷയാവതരണത്തിനായി ക്ഷണിക്കുന്നു. അവതരണത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തണം.

1. സ്ഥാപനത്തിന്റെ ചരിത്രം
2. പ്രവർത്തന മേഖല
3. നേട്ടങ്ങൾ
4. പ്രത്യേകമായ വൈദഗ്ദ്ധ്യം
5. ലഭ്യമാക്കാനാഗ്രഹിക്കുന്ന കോഴ്സിന്റെ സിലബസ് (സമയ ദൈർഘ്യമടക്കം)
6. അടിസ്ഥാന സൗകര്യം
7. മാനവ വിഭവശേഷി
8. അവസാന മൂന്നു വർഷത്തെ ജയപരാജയ (Track Record) കണക്ക്
9. യോഗ്യതകൾ
10. മറ്റ് അത്യാവശ്യ വിഷയങ്ങൾ

അവതരണം 12 സ്ലൈഡിൽ കൂടാൻ പാടില്ല.

6.6 വിഷയാവതരണത്തിൽ പങ്കെടുക്കാത്ത സ്ഥാപനങ്ങളെ തുടർന്നുള്ള ഘട്ടങ്ങളിലേക്ക് പരിഗണിക്കുകയില്ല.

6.7 വിഷയാവതരണത്തിനുശേഷം സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കുന്ന വസ്തുതകളുടെ നിജസ്ഥിതി ജില്ലാമിഷൻ ടീം നേരിൽകണ്ട് വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ സ്ഥാപനങ്ങളുടെ അന്തിമപട്ടിക ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

തയ്യാറാക്കുകയും ആയത് കുടുംബശ്രീ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്.

6.8 സംരംഭകത്വത്തിലേക്ക് വരാൻ താൽപര്യമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ചും വാർഷിക ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലും തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ജില്ലാമിഷൻ കോ–ഓർഡിനേറ്റർ വൈദഗ്ധ്യപരിശീലനത്തിന്റെ ചുമതല നൽകുന്നതാണ്.(കുടുംബശ്രീ യൂണിറ്റുകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്)ഒരു വൈദഗ്ധ്യ പരിശീലന മേഖലയിൽ ഒന്നിലധികം സ്ഥാപനങ്ങൾ അന്തിമ പട്ടികയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഗുണഭോക്താവിന്റെ സൗകര്യം, അഭ്യർത്ഥനാ നിർദ്ദേശം, പരസ്പരാലോചന(Negotiation) ഇവയുടെ അടിസ്ഥാനത്തിൽ നിശ്ചിയിക്കപ്പെടുന്ന സ്ഥാപനത്തിന് വൈദഗ്ധ്യ പരിശീലനത്തിന്റെ ചുമതല ൻൽകുന്നതാണ്.

6.9 അഭ്യർത്ഥനാ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വൈദഗ്ധ്യപരിശീലനം നൽകുന്നതിനായി ചുമതലപ്പെടുത്തുന്ന സ്ഥാപനം ബന്ധപ്പെട്ട ജില്ലാമിഷൻ കോ–ഓർഡിനേറ്ററുമായി ധാരണാ പത്രത്തിൽ(MoU) ഒപ്പിടേണ്ടതാണ്.ഓരോ തവണയും പരിശീലന ചുമതല നൽകുമ്പോഴും ധാരണാപത്രത്തിൽ ഒപ്പിടണം.

6.10 നിലവിൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതോ ഏതെങ്കിലും തരത്തിലുള്ള വിലക്ക് സർക്കാർ/സർക്കാർ ഏജൻസികൾ ഏർപ്പെടുത്തിയിട്ടുള്ളതോ ആയ സ്ഥാപനങ്ങൾ, കുടുംബശ്രീ മുമ്പ് നടത്തിയിട്ടുള്ള പരിശീലനങ്ങളിൽ ശരിയായ പ്രകടനം കാഴ്ചവയ്ക്കാത്തതോ ആയ സ്ഥാപനങ്ങളെ താൽപര്യപത്രം നടപടിക്രമങ്ങളിൽ നിന്നും ഒഴിവാക്കുന്നതാണ്.

## 7. തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ അന്തിമപട്ടികയുടെ കാലദൈർഘ്യം

7.1 തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളുടെ അന്തിമപട്ടികയുടെ കാല ദൈർഘ്യംമൂന്നുവർഷത്തേയ്ക്കാണ്. അന്തിമ പട്ടിക നിലവിൽ വന്ന് മൂന്നുവർഷത്തിനുശേഷംവീണ്ടും താൽപര്യ പത്രം ക്ഷണിക്കുന്നതാണ്.

7.2 പ്രത്യേക സാഹചര്യങ്ങളിൽ അന്തിമ പട്ടികയുടെ കാലാവധി പൂർത്തിയായില്ലെങ്കിലും പരിശീലന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്നതിന് ജില്ലാമിഷനുകൾക്ക് അധികാരമുണ്ടായിരിക്കും. (എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവിനു വിധേയമായി). സ്ഥാപനങ്ങളുടെ പ്രവർത്തന മികവിനനുസൃതമായി പ്രസ്തുത സ്ഥാപനത്തിന്റെ അംഗീകാരം ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അധികാരം ജില്ലാമിഷൻ കോ ഓർഡിനേറ്റർക്ക് ഉണ്ടായിരിക്കും. (എക്സിക്യൂട്ടീവ് ഡയറക്ടറുടെ അനുമതിക്ക്വിധേയമായി).

7.3 തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പരിശീലന മികവ് തൃപതികരമല്ലെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത സ്ഥാപനത്തെ ബന്ധപ്പെട്ട കോഴ്സിന്റെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതാണ്. ഒരോ പരിശീലനവും പൂർത്തീകരിക്കുന്ന മുറക്ക് പരിശീലനാർത്ഥികളിൽ നിന്നും ജില്ലാമിഷൻ പ്രതികരണ ഫോറം(Feedback) ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുമായിരിക്കും തുടർന്നുള്ള പരിശീലനങ്ങൾക്ക് ചുമതല നൽകുന്നത്.

**8. താൽപര്യ പത്രത്തോടൊപ്പം അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ)**

1. രജിസട്രേഷൻ സർട്ടിഫിക്കറ്റ് (കുടുംബശ്രീ യൂണിറ്റുകൾക്ക് ജില്ലാമിഷൻ കോ ഓഡിനേറ്റർ നൽകിയ അഫിലിയേഷൻ സർട്ടിഫിക്കറ്റ് മതിയാകും)
2. പാൻ കാർഡ്
3. അവസാന മൂന്നു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്**(കുടുംബശ്രീ യൂണിറ്റുകൾക്ക് ബാധകമല്ല)**
4. വൈദഗ്ദ്ധ്യ പരിശീലനത്തിലുള്ള അനുഭവ പരിചയം തെളിയിക്കുന്നതിനുള്ള രേഖ **(കുടുംബശ്രീ യൂണിറ്റുകൾക്ക് ബാധകമല്ല)**
5. അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യവിഭവശേഷ ഇവയുടെ വിശദാംശങ്ങൾ

6. സ്ഥാപന മേലധികാരിയുടെ ബയോഡാറ്റ(**കുടുംബശ്രീ യൂണിറ്റുകൾക്ക് ബാധകമല്ല)**

7. നിർദ്ദേശിക്കുന്ന കോഴ്സിന്റെ പാഠ്യപദ്ധതി

മതിയായ രേഖകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ അപേക്ഷകൾ മുന്നറിയിപ്പില്ലാതെ തള്ളുന്നതാണ്.

**9. പരിശീലനം, വിലയിരുത്തൽ ഇവ സംബന്ധിച്ച റിപ്പോർട്ട്**

പരിശീലന ഏജൻസികൾ പരിശീലനം പൂർത്തീകരിക്കുന്ന മുറക്ക് പരിശീലന റിപ്പോർട്ട്, പരിശീലനാർത്ഥികളുടെ പ്രകടന റിപ്പോർട്ട് എന്നിവ ജില്ലാമിഷൻ കോ–ഓർഡിനേറ്റർക്കു സമർപ്പിക്കണം. പ്രകടന വിലയിരുത്തലിനുള്ള മാർഗ്ഗരേഖ, പഠന സാമഗ്രികൾ എന്നിവ പരിശീലന സ്ഥാപനങ്ങൾ തയ്യാറാക്കി നൽകണം.

10. തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ പരിശീലനാർത്ഥികൾക്ക് **സംരഭകത്വ വികസന പരിശീലനം (Entrepreneurship training), കണക്കെഴുത്ത് പരീശീലനം (Accounting and Book keeping), നിയമപരമായ ബാധ്യതകളും ചുമതലകളും (Legal obligations and responsibilities) സംബന്ധിച്ചുള്ള പരിശീലനം** എന്നിവ വൈദഗ്ധ്യ പരിശീലനത്തോടൊപ്പം നൽകേണ്ടതാണ്. താൽപര്യ പത്രത്തോടൊപ്പം സമർപ്പിക്കുന്ന പാഠ്യപദ്ധതിയിൽ ഇതും ഉൾപ്പെടുത്തണം. കോഴ്സിന്റെ ആകെ സമയ ദൈർഘ്യത്തിന്റെ 20 മുതൽ 30 ശതമാനം സമയം ഇതിനായി ഉപയോഗിക്കണം.

*പ്രസ്തുത താല്പര്യ പത്ര പ്രകാരം ജില്ലാമിഷനുകൾ തിരഞ്ഞെടുക്കുന്ന ഏജൻസികൾ/സ്ഥാപനങ്ങൾക്കു പുറമേ കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരവും, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ വിവേചനാധികാരത്തിലും സ്ഥാപനങ്ങളെ വിവിധ മേഖലകളിലെ വൈദഗ്ധ്യ പരിശീലനത്തിന് തിരഞ്ഞെടുക്കുന്നതിന് കുടുംബശ്രീ സംസ്ഥാനമിഷനു അധികാരമുണ്ടായിരിക്കും.*

**11. സമയക്രമം**

താൽപര്യ പത്രം പ്രസിദ്ധം ചെയ്യുന്നത് – **12/7/2017**

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31/7/2017

**രണ്ടാം ഘട്ടത്തിലേക്ക് യോഗ്യരായ സ്ഥാപനങ്ങളുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നത് – 2/8/2017**

ജില്ലാ മിഷൻ ടീമിന്റെ മുൻപാകെ അവതരണം നടത്തുന്നതിനുള്ള അവസാന തീയതി – 15/8/2017

**ജില്ലാമിഷൻ ടീമിന്റെ നേതൃത്വത്തിലുള്ള ഫീൽഡ്തല പരിശോധന – 28/8/2017 ന മുൻപ്**

തിരഞ്ഞെടുപ്പു നടപടിക്രമം പൂർത്തിയാക്കി വൈദഗ്ധ്യ പരിശീലന സ്ഥാപനങ്ങളുടെ അന്തിമപട്ടിക പ്രസിദ്ധീകരിക്കേണ്ട അവസാന തീയതി. – 31/8/2017

**(ഒപ്പ്)**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

## അനുബന്ധം 1

## വൈദഗ്ധ്യ പരിശീലനത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന മേഖലകൾ

1. പൂന്തോട്ട നിർമ്മാണവും പരിപാലനം
2. ജൈവ വള, കീടനാശിനി നിർമ്മാണ പരിശീലനം
3. മണ്ണിരവള നിർമ്മാണം
4. പച്ചക്കറി, പഴം സംസ്ക്കരണ വിദ്യയുംപൾപ്പ് നിർമ്മാണവും
5. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവും ഉല്പന്ന നിർമ്മാണവും
6. പോളീ ഹൗസ് നിർമ്മാണവും പരിപാലനവും
7. ഗ്രീൻ ടെക്നീഷ്യൻസ്
8. മരപ്പണി
9. അടിസ്ഥാന തയ്യൽ പരിശീലനം
10. ഫാഷൻ ഡിസൈനിംഗ്
11. കൈകൊണ്ടുള്ള ചിത്രത്തുന്നൽ (Embroidery)
12. യന്ത്ര ചിത്രത്തുന്നൽ
13. ഉയർന്ന തയ്യൽ പരിശീലനം (അടിസ്ഥാന കോഴ്സ് പൂർത്തീകരിച്ചവർക്ക്)
14. കൊത്തൻ(Mason)
15. സ്തീകളുടെ വസ്ത്ര നിർമ്മാണം
16. തയ്യൽ മെഷ്യീൻ പരിപാലനം
17. അലങ്കാര ആഭരണ നിർമ്മാണം
18. ഡ്രൈവിംഗ് (LMV)
19. ഡ്രൈവിംഗ് (HMV)
20. ബ്യൂട്ടീഷ്യൻ
21. കഫേ ആന്റ് ക്യാന്റീൻ നടത്തിപ്പ്
22. ഇവന്റ് മാനേജ്മെന്റ്
23. സിമന്റ് ബ്രിക്ക് നിർമ്മാണം
24. കമ്പ്യൂട്ടർ ഹാർഡ്വെയർ
25. ഡി ടി പ്പി മലയാളം ടൈപ്പിംഗ്
26. കുട നിർമ്മാണം

27. കരകൗശല വസ്തുക്കളുടെ നിർമ്മാണം
28. ലാബ് ടെക്നീഷ്യൻ
29. ഹെൽത്ത് വോളന്റിയർ
30. ഡേ കെയർ ആന്റ് പ്രീ സ്ക്കൂൾ
31. ചൂൽ നിർമ്മാണം
32. പാർക്കിംഗ് ആന്റ് കസ്റ്റമർ കെയർ
33. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്
34. വെയിറ്റിംഗ് ഹാൾ പരിപാലനം
35. ഷാംബൂ നിർമ്മാണം
36. ഹോം നേഴ്സ് പരിശീലനം
37. പേപ്പർ ബാഗ്
38. തുണി സഞ്ചി നിർമ്മാണം
39. വാദ്യോപകരണ പരിശീലനം
40. പാരമ്പര്യ വൈദ്യ ചികിത്സാ സഹായി
41. തിരുമ്മൽ
42. വിവിധ കലാ പരിശീലനം (ഉപജീവന പ്രവർത്തനമായി മാറ്റാവുന്നതു മാത്രം)
43. വാച്ച് അസംബ്ലിംഗ്
44. ജ്യൂട്ട് ബാഗ് നിർമ്മാണം
45. ബാഗ് നിർമ്മാണം
46. ലോഷൻ നിർമ്മാണം
47. മെഴുകുതിരി നിർമ്മാണം
48. കൊപ്ര സംസ്ക്കരണവും വെളിച്ചെണ്ണ നിർമ്മാണവും
49. തിരുമ്മൽ
50. വിവിധ കലാ പരിശീലനം (ഉപജീവന പ്രവർത്തനമായി മാറ്റാവുന്നതു മാത്രം)
51. പ്രിന്റിംഗ്
52. സ്കീൻ പ്രിന്റിംഗ്
53. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ്
54. ബയോ ഗ്യാസ് പ്ലാന്റ് ഇൻസ്റ്റലേഷനും പരിപാലനവും
55. ആർ ഒ പ്ലാന്റ് പ്രവർത്തനവും കുടിവെള്ള വിതരണവും
56. കിയോസ്ക്ക് നിർമ്മാണം
57. ഫ്രഷ് വെജിറ്റബിൾസ് ആന്റ് സലാഡ് ബൗൾ

58. ജ്യൂസ് നിർമ്മാണം
59. കയർ നിർമ്മാണം
60. വിവിധ തരം ചവിട്ടികളുടെ നിർമ്മാണം
61. വിവിധ തരം കർട്ടനുകളുടെ നിർമ്മാണവും സ്ഥാപിക്കലും
62. ചകിരി നിർമ്മാണം
63. ലോൺഡ്രി
64. കൊറിയർ സർവ്വീസ്
65. റെയിൻ കോട്ട് നിർമ്മാണം
66. ഹോം സ്റ്റേ പരിപാലനവും നടത്തിപ്പും
67. ടൂർ ഗൈഡ്
68. ബ്രൈഡൽ ഫാഷൻ & ഫോട്ടോഗ്രാഫിക് മേക്ക് അപ്
69. മെഹന്തി സ്പെഷ്യലിസ്റ്റ്
70. ഹെയർ സ്റ്റൈലിസ്റ്റ്
71. ജിംനേഷ്യം അസിസ്റ്റന്റ്
72. സുഗന്ധ തൈല നിർമ്മാണം
73. ബ്യൂട്ടി തെറാപ്പിസ്റ്റ്
74. ഹെയർ, സ്ക്കിൻ, മേക്ക അപ്പ് കോഴ്സ്
75. ആയൂർവേദ സ്പാ തെറാപ്പിസ്റ്റ്
76. സോപ്പ് നിർമ്മാണം
77. ഇലക്ട്രീഷ്യൻ അസിസ്റ്റന്റ്
78. പെയിന്റർ
79. പ്ലംബർ
80. ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണവും പരിപാലനവും
81. എൽ ഇ ഡി ലൈറ്റ് നിർമ്മാണവും പരിപാലനവും
82. മൊബൈൽ ഫോൺ റിപ്പയറിംഗ്
83. സോളാർ പാനൽ, ഉപകരണ നിർമ്മാണവും പരിപാലനവും
84. ഹൗസ് കീപ്പിംഗ്
85. ബേക്കിംഗ് ടെക്നീഷ്യൻ
86. പാലുല്പന്ന നിർമ്മാണം
87. മത്സ്യ/കടൽ വിഭവങ്ങളുടെ സംസ്ക്കരണവും ഭക്ഷ്യോല്പന്ന നിർമ്മാണവും
88. ധാന്യപ്പൊടി നിർമ്മാണം

89. നാടൻപലഹാര നിർമ്മാണം
90. ഐസ്ക്രീം നിർമ്മാണം
91. ജാം,ജെല്ലി, കെച്ചപ്പ് നിർമ്മാണം
92. അച്ചാർ നിർമ്മാണം
93. സ്ക്വാഷ് ആന്റ് ജാം നിർമ്മാണം
94. മാംസ സംസ്ക്കരണവും മാംസാഹാര നിർമ്മാണവും
95. മധുര പലഹാരവും മിഠായി നിർമ്മാണം
96. മാലിന്യ സംസ്ക്കരണം
97. മുള, ഈറ, വൈക്കോൽ കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം
98. കൈകൊണ്ടുള്ള അഗർബത്തി നിർമ്മാണം
99. യന്ത്രവത്കൃത അഗർബത്തി നിർമ്മാണം
100. മുളകൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം
101. കൈത്തറിതുണി നെയ്ത്ത്
102. ഗ്ലാസ് പെയിന്റിംഗ്
103. ഡയറ്റ് അസിസ്റ്റന്റ്
104. ജറിയാട്രിക് കെയർ
105. തഴപ്പായ നിർമ്മാണം
106. കൈകൊണ്ടുള്ള ആഭരണ നിർമ്മാണം
107. ബൊക്കെ നിർമ്മാണം
108. ഹെർബൽ ഉല്പന്നങ്ങളുടെ നിർമ്മാണം
109. ഫെറോസ്ലാബ് നിർമ്മാണം
110. കമ്പ്യൂട്ടർ ഓപ്പറേറ്റർ
111. ഇന്റീരിയർ ഡിസൈനിംഗ്
112. ഗ്യാസ് റിപ്പയറിംഗ്
113. കിണർ റീച്ചാർജിംഗ്
114. മെക്കാനിക്കൽ അസിസ്റ്റന്റ്അസിസ്റ്റന്റ്
115. എയർ ഫില്ലിംഗ് ആന്റ് പഞ്ചർ റിപ്പയറിഗ് യൂണിറ്റ്
116. മൺപാത്ര നിർമ്മാണം
117. പർപ്പിടക നിർമ്മാണം
118. കറി പൗഡർ നിർമ്മാണം

119. ഓൺ ലൈൻ ആന്റ് ഓഫ് ലൈൻ മാർക്കറ്റിംഗ്
120. കൗൺസലിംഗ്
121. പ്രകൃതി സൗഹൃദ പാവ നിർമ്മാണം
122. ഉണക്ക മത്സ്യ സംസ്ക്കരണവും മൂല്യവർദ്ധനവും
123. ഫോട്ടോഗ്രാഫി ആന്റ് വീഡിയോ ഗ്രാഫി
124. ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റ്
125. പ്രകൃതി നാരുപയോഗിച്ചുള്ള കുട്ട,ബാഗ് നിർമ്മാണം
126. ഇന്റീരിയർ ഡിസൈനിംഗ്
127. മെഡിക്കൽ ടൂറിസ്റ്റ് ഓപ്പറേറ്റർ
128. വില്ലേജ് ടൂറിസ്റ്റ് ഓപ്പറേറ്റർ
129. ലാൻഡ് സ്ക്കേപ്പ് ഡിസൈനിംഗ്
130. ഫിറ്റ്നെസ്സ് സെന്റർ മാനേജ്മെന്റ്
131. റിക്രൂട്ട്മെന്റ് ഏജൻസി മാനേജ്മെന്റ്
132. വെബ് ഡിസൈനിംഗ്
133. വിവാഹ ആലോചനയും നടത്തിപ്പും (Wedding planning)
134. ട്രാവൽ ഏജൻസി
135. വ്യക്തിവിവരണക്കുറിപ്പ് തയ്യാറാക്കൽ (Resume writing)
136. ബിസ്ക്കറ്റ്, കുക്കീസ് നിർമ്മാണം
137. ബുക്ക് ബൈൻഡിംഗ്
138. ടി ഷർട്ട് സ്റ്റിച്ചിംഗ് ആന്റ് പ്രിന്റിംഗ്
139. ഓർഗാനിക് ഫാമിംഗ്
140. ബുക്ക് ബൈൻഡിംഗ്
141. ഓർഗാനിക് ഫാമിംഗ്
142. പാദരക്ഷകളുടെ നിർമ്മാണം
143. കൈകൊണ്ടുള്ള പേപ്പർ നിർമ്മാണം
144. പാള കൊണ്ടുള്ള പ്ലേറ്റ് നിർമ്മാണം
145. ചക്ക വിഭവങ്ങൾ
146. തേങ്ങ കൊണ്ടുള്ള വിഭവങ്ങൾ
147. ഡ്രൈ ഫ്ളവർ നിർമ്മാണം
148. കസ്റ്റമർ കെയർ

149. അലൂമിനിയം ഫാബ്രിക്കേഷൻ
150. കോൺ ഫ്ളേക്സ് നിർമ്മാണം
151. പായ്ക്കിംഗ് സ്പെഷ്യലിസ്റ്റ്
152. അയണിംഗ് യൂണിറ്റ്
153. പ്രസവ രക്ഷ
154. യോഗ ട്രെയിനർ
155. ഫിസിയോ തെറാപ്പി അസിസ്റ്റന്റ്
156. ഗെയിംസ് ട്രെയിനിംഗ് സെന്റർ
157. നീന്തൽ
158. ഗ്യാസ് സ്റ്റൗ റിപ്പയറിംഗ്
159. എ.സി. റിപ്പയറിംഗ് & മെയിന്റനൻസ്
160. റബ്ബർ ടാപ്പിംഗ്
161. തെങ്ങുകയറ്റം

## അനുബന്ധം 2

**താൽപര്യ പത്രം സമർപ്പിക്കുന്നതിനുള്ള അപേക്ഷാഫോറത്തിന്റെ മാതൃക**
**(വിഭാഗം1,3 ഏജൻസികൾക്ക് ബാധകമായത്)**

1. സ്ഥാപനത്തിന്റെ/സംഘടനയുടെ പേര് :

2. വിലാസം (പിൻകോഡ് അടക്കം) :

3. താൽപര്യ പത്ര പ്രകാരം ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു. (വിഭാഗം 1,3) :

4. നിയമാനുസൃതം സ്ഥാപനം നിലവിൽ വന്ന തീയതി :

5. രജിസ്ട്രേഷൻ നമ്പർ :

6. ബന്ധപ്പെടേണ്ട വ്യക്തിയുടെ പേര് :

    തസ്തിക :

    ഫോൺ നമ്പർ :

    ഇമെയിൽ :

7. പരിശീലനം നൽകാൻ ആഗ്രഹിക്കുന്ന പ്രധാന മേഖല/മേഖലകൾ :

8. സ്ഥാപനത്തെ സംബന്ധിച്ച ചെറു വിവരണം. :
(അനുബന്ധമായി ഉൾച്ചേർക്കുക, നാല് പേജിൽ കവിയരുത്)

9. സ്ഥാപന മേലധികാരിയെക്കുറിച്ചുള്ള ചെറുവിവരണം

    പേര് :

    തസ്തിക :

    വിദ്യാഭ്യാസ യോഗ്യത :

(ബയോഡേറ്റ ഉൾച്ചേർക്കുക)

10. പരിശീലന മേഖലയിലുള്ള അനുഭവ പരിചയം :

11. അധ്യയനവിഭാഗത്തെക്കുറിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | പരിശീലകന്റെ പേര് | സ്ഥിരം/ ഗസ്റ്റ് | യോഗ്യത | മേഖല | പ്രവർത്തി പരിചയം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

(പരിശീലകരുടെ ബയോഡേറ്റ പ്രത്യേകമായി ഉൾച്ചേർക്കുക)

12. അവസാന മൂന്ന് വർഷം ഏറ്റെടുത്ത പരിശീലനങ്ങളുടെ പട്ടിക

| ക്രമ നമ്പർ | പരിശീലനം നൽകിയ വർഷവും മാസവും | പരിശീലനം നൽകിയ മേഖല | വിജയകരമായി പരിശീലനം പൂർത്തീകരിച്ച വരുടെ എണ്ണം | ഏത് സ്ഥാപനത്തിനു വേണ്ടിയാണ് പരിശീലനം സംഘടിപ്പിച്ചത് |
|---|---|---|---|---|
| | | | | |
| | | | | |

13.അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | അഭിപ്രായം |
|---|---|---|
| 1 | സ്വന്തം കെട്ടിടം/വാടകക്ക് | |
| 2 | ക്ലാസ് റൂമിന്റെ എണ്ണവും വിസ്തീർണ്ണവും | |
| 3 | പരിശീലനാർത്ഥികൾക്കായുള്ള ഇരിപ്പിടക്രമീകരണം | |
| 4 | സിസിടി ക്യാമറയുടെ എണ്ണം | |
| 5 | ബോർഡിന്റെ എണ്ണം | |

| | | |
|---|---|---|
| 6 | ലാബ്/ പ്രായോഗിക പരിശീലനത്തിനുള്ളസൗകര്യം | |
| 7 | ലാപ്ടോപ്പ്, എൽ സി ഡി പ്രൊജക്ടർ ഇവയുടെ വിവരങ്ങൾ | |
| 8 | ഭക്ഷണ ഹാൾ | |
| 9 | ശൗചാലയ സൗകര്യം | |
| 10 | താമസിച്ചുള്ള പരിശീലനത്തിനുള്ള സൗകര്യം (സ്വന്തം/വാടകക്ക്) | |
| 11 | മറ്റു സൗകര്യങ്ങൾ | |

(വിശദമായ കുറിപ്പ് അനുബന്ധമായി ഉൾച്ചേർക്കുക)

14. അനുബന്ധമായി ചേർക്കേണ്ട അധികരേഖകൾ (അപേക്ഷാ ഫോമിൽ നിർദ്ദേശിച്ചിരിക്കുന്നവ കൂടാതെ)

1. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
2. പാൻകാർഡിന്റെ പകർപ്പ്
3. അവസാന മൂന്ന് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്
4. പരിശീലനം നൽകാൻ ആഗ്രഹിക്കുന്ന കോഴ്സുകളുടെ പാഠ്യ പദ്ധതി
5. അത്യാവശ്യമെന്ന തോന്നുന്ന മറ്റ് രേഖകൾ

**സത്യവാങ്മൂലം**

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്ന് ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥാപന മേലധികാരിയുടെ പേരും ഒപ്പും

**താൽപര്യ പത്രം സമർപ്പിക്കുന്നതിനുള്ള അപേക്ഷാഫോറത്തിന്റെ മാതൃക**

**(വിഭാഗം 2 കുടുംബശ്രീ യൂണിറ്റുകൾ സമർപ്പിക്കേണ്ടത്)**

1. അപേക്ഷിക്കുന്ന യൂണിറ്റിന്റെ പേര് :
2. അഫിലിയേഷൻ നമ്പർ :
3. പഞ്ചായത്ത്/ നഗരസഭ :
4. **3. സി ഡി എസ്** :
5. 4. യൂണിറ്റിന്റെ വിലാസം :

6. യൂണിറ്റ് പ്രസിഡന്റിന്റെ/ചുമതലക്കാരിയുടെ
   പേരും വിലാസവും** :

7. യൂണിറ്റ് പ്രസിഡന്റിന്റെ
   ഫോൺ നമ്പർ :
8. യൂണിറ്റ് സെക്രട്ടറിയുടെ പേരും വിലാസവും :

9. യൂണിറ്റ് സെക്രട്ടറിയുടെ ഫോൺ നമ്പർ :

10. യൂണിറ്റുമായി ബന്ധപ്പെടാനുള്ള :
    ഇ മെയിൽ വിലാസം(ഉണ്ടെങ്കിൽ മാത്രം):
11. യൂണിറ്റ് പ്രവർത്തനമാരംഭിച്ച വർഷം :

12. ഏതു പദ്ധതി പ്രകാരമാണ്
    പ്രവർത്തനമാരംഭിച്ചത്. :
13. പരീശീലനം നൽകാൻ പ്രാപ്തമായ
    മേഖലകൾ ഏതെല്ലാം :

14. ബന്ധപ്പെട്ട മേഖലയിലെ അനുഭവ
    പരിചയം എത്ര വർഷമാണ് :

15. പരിശീലകരെ സംബന്ധിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | പരിശീലകന്റെ പേര് | യോഗ്യത | മേഖല | പ്രവർത്തി പരിചയം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

16. അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള

വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | അഭിപ്രായം |
|---|---|---|
| 1 | കെട്ടിടം സ്വന്തം /വാടകക്ക് | |
| 2 | ക്ലാസ് റൂമിന്റെ എണ്ണവും വിസ്തീർണ്ണവും | |
| 3 | പരിശീലനാർത്ഥികൾക്കായുള്ള ഇരിപ്പിടക്രമീകരണം | |
| 4 | ബോർഡിന്റെ എണ്ണം | |
| 5 | ലാബ്/ പ്രായോഗിക പരിശീലനത്തിനുള്ളസൗകര്യം | |
| 6 | ശൗചാലയ സൗകര്യം | |
| 7 | താമസിച്ചുള്ള പരിശീലനത്തിനുള്ള സൗകര്യം (സ്വന്തം/വാടകക്ക്) | |
| 8 | മറ്റു സൗകര്യങ്ങൾ | |

17. മറ്റ് അത്യാവശ്യ കാര്യങ്ങൾ

**സത്യവാങ്മൂലം**

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്ന് ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

യൂണിറ്റ് പ്രസിഡന്റ് പേരും ഒപ്പും

യൂണിറ്റ് സെക്രട്ടറി പേരും ഒപ്പും

സി ഡി എസ് ചെയർപേഴ്സന്റെ ശുപാർശയും പേരും ഒപ്പും

(**വ്യക്തിഗത സംരഭമാണെങ്കിൽ ചുമതലക്കാരിയുടെ പേരു മാത്രം എഴുതിയാൽ മതിയാകും)

**അനുബന്ധം 3**

**രസീത്**

**കുടുംബശ്രീ ................................ ജില്ലാമിഷന്റെ പ്രവർത്തന പരിധിയിൽ സംരഭകർക്ക് വൈദഗ്ധ്യ പരിശീലനം നടത്തുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയിൽ പങ്കെടുക്കുന്നതിനായി ...................................... സ്ഥാപനം/ സംഘടന .................... തീയതി .............. സമയത്ത് താൽപര്യ പത്രംസമർപ്പിച്ചു.**

**ജില്ലാമിഷൻ കോ – ഓർഡിനേറ്റർ**

**.........................ജില്ല**

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**